പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 271 29/01/2014-ൽ മറുപടിയ്ക്ക്

**ജൈവകൃഷി പ്രോൽസാഹിപ്പിക്കാൻ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>,, കെ. ശിവദാസൻ നായർ<br>,, എ. റ്റി. ജോർജ്<br>,, പി. എ. മാധവൻ | **ശ്രീ. കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |

എ) സംസ്ഥാനത്ത് ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

എ) ഉണ്ട്. 10.02.2010 ലെ സർക്കാർ ഉത്തരവ് നം.39/2010/കൃഷി പ്രകാരം സംസ്ഥാനത്ത് ഒരു ജൈവ കൃഷി നയം പ്രഖ്യാപിച്ചിട്ടുണ്ട്. 2010-11 വർഷത്തിൽ ഓർഗാനിക് ഫാമിംഗ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് വകയിരുത്തിയ 100 ലക്ഷം രൂപ ഉപയോഗിച്ച് 14 ജില്ലകളിലെ തെരഞ്ഞെടുത്ത 20 ബ്ലോക്കുകളിലെ വിവിധ പഞ്ചായത്തുകളിലെ 900 ഹെക്ടർ സ്ഥലത്ത് ഹെക്ടറിന് 10,000/- രൂപ നിരക്കിൽ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗം, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവ ജൈവ രീതിയിൽ ഉൽപാദിപ്പിക്കുന്നതിന് സഹായം നൽകിയിട്ടുണ്ട്. ഇതോടനുബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ, പരിശീലന സെമിനാർ മുതലായവ സംഘടിപ്പിക്കുകയും ചെയ്തു.

2011-2012 വർഷം ജൈവകൃഷി വികസനത്തിന് 500 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ 450 ലക്ഷം രൂപ പുതുതായി ജൈവകൃഷി വ്യാപിപ്പിക്കുന്നതിനും ബോധവത്കരണ സെമിനാറുകൾ സംഘടിപ്പിക്കുന്നതിനും വിനിയോഗിക്കുകയുണ്ടായി. 2011-12 കാലയളവിൽ ഹെക്ടറിന് 10,000/- രൂപ നിരക്കിൽ ധനസഹായത്തോടു കൂടി 3500 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിച്ചു. ഇതിനു പുറമേ 2010-11 വർഷം ജൈവകൃഷി ആരംഭിച്ച 900 ഹെക്ടർ സ്ഥലത്ത് രണ്ടാം വർഷവും ജൈവകൃഷി നടത്തുന്നവർക്ക് പ്രാരംഭകാലത്ത് ഉൽപാദനക്കുറവുമൂലം ഉണ്ടാകാവുന്ന നഷ്ടം നികത്തുന്നതിന് 2-ാം വർഷവും ഹെക്ടറിന് 10,000/- രൂപ നിരക്കിൽ ധനസഹായം നൽകുകയുണ്ടായി.

2012-13 സാമ്പത്തിക വർഷം ജൈവകൃഷി പദ്ധതിയ്ക്കായി 1000 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ 50 ലക്ഷം രൂപ "സേഫ് ടു ഈറ്റ് വെജിറ്റബിൾ" പദ്ധതിയുടെ നടത്തിപ്പിനായി കേരള കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിട്ടുണ്ട്.

ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആകെ 5,19,35,000/- രൂപ അനുവദിച്ചു.

2013-14 വർഷത്തിൽ ആകെ 10 കോടി വകയിരുത്തിയിരുന്നു. ജൈവ ജില്ലയായ കാസർഗോഡ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് 940 ലക്ഷം രൂപ അനുവദിച്ചു. "സേഫ് ടു ഈറ്റ് വെജിറ്റബിൾ" എന്ന പദ്ധതിയുടെ നടത്തിപ്പിനായി കേരള കാർഷിക സർവ്വകലാശാലയ്ക്ക് 50 ലക്ഷം രൂപ അനുവദിച്ചു.

ഇതിനുപുറമേ കേരള ബ്രാന്റ് ജൈവകൃഷി പദ്ധതി കാസർഗോഡ്, വയനാട്, ഇടുക്കി ജില്ലകളിൽ നടപ്പിലാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഈ മൂന്നു ജില്ലകളിലായി 4000 ഹെക്ടർ സ്ഥലത്ത് ( കാസർഗോഡ് 2500 ഹെക്ടർ, വയനാട് 750 ഹെക്ടർ, ഇടുക്കി 750 ഹെക്ടർ) ജൈവകൃഷി വ്യാപിപ്പിച്ച് ഓർഗാനിക് സർട്ടിഫിക്കേഷൻ നടത്തി ഉല്പന്നങ്ങൾക്ക് കൂടുതൽ വില കർഷകർക്കു ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

ജൈവകൃഷി വ്യാപനത്തിന്റെ ഭാഗമായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള ജൈവകൃഷി വ്യാപനം, ജൈവ ഉത്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം എന്നീ പദ്ധതികളാണ് നടപ്പിലാക്കുന്നത്.

ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

ബി) 2010 ഫെബ്രുവരി 10-ലെ സ.ഉ(പി)നം.39/2010/കൃഷി പ്രകാരം സർക്കാർ പ്രഖ്യാപിച്ച ജൈവകാർഷിക

നയം അനുസരിച്ച് ജൈവകൃഷിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. കൃഷിയെ സുസ്ഥിരവും ലാഭകരവും മാന്യവുമായ ഒരു തൊഴിൽ സംസ്ക്കാരമായി വളർത്തുക.
2. മണ്ണിന്റെ സഹജമായ പോഷക ഗുണങ്ങളും ഉൽപാദനക്ഷമതയും ഉയർത്തുക.
3. ജല-മണ്ണ് സംരക്ഷണം ഉറപ്പു വരുത്തുക.
4. കാർഷിക ജൈവ സുരക്ഷിതത്വവും ഭക്ഷ്യ പോഷകഗുണ സുരക്ഷിതത്വവും ഉറപ്പാക്കുക.
5. കർഷകരുടെ നിയന്ത്രണത്തിൽ ജൈവ കാർഷികോൽപ്പന്നങ്ങളുടെ ആഭ്യന്തര വിപണി രൂപപ്പെടുത്തുകയും ഉറപ്പു വരുത്തുകയും ചെയ്യുക.
6. കാർഷിക രാസവസ്തുക്കളുടെയും മാരകമായ മറ്റ് ഉൽപ്പനങ്ങളുടെയും ഉപയോഗം ഒഴിവാക്കുക. രാസവിഷമുക്തമായ വെള്ളം, മണ്ണ്, ഭക്ഷണം എന്നിവ ഉറപ്പാക്കുക.
7. ജൈവ വൈവിദ്ധ്യാധിഷ്ഠിതമായ പരിസ്ഥിതി സൗഹൃദ കൃഷി പ്രോത്സാഹിപ്പിക്കുക.
8. കൃഷിക്ക് ഉപയോഗിക്കുന്ന വസ്തുക്കളുടെയും കാർഷിക വിളകളുടേയും ഗുണനിലവാരം ഉറപ്പാക്കുക.
9. സുസ്ഥിരമായ കാർഷിക ഭക്ഷ്യ വസ്തുക്കളും, മറ്റുൽപ്പന്നങ്ങളും ലഭ്യമാക്കി മനുഷ്യന്റെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക.
10. കൃഷിയുമായി ബന്ധപ്പെട്ട പാരമ്പര്യ അറിവുകൾ സംരക്ഷിയ്ക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുക.

ജൈവകൃഷി പദ്ധതി നടപ്പിലാക്കുന്നതിലൂടെ വിഷവിമുക്തമായ കാർഷിക ഉത്പന്നങ്ങൾ കൃഷി ചെയ്യുവാനും കർഷകർക്ക് അധിക വരുമാനം നേടുവാനും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ലക്ഷ്യമിടുന്നു. ഇതോടൊപ്പം വിഷവിമുക്തമായ ഫല പച്ചക്കറി ഉത്പന്നങ്ങളുടെ ഉപഭോഗം കൂട്ടുക, പൊതു സമൂഹത്തിന്റെ ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുക എന്നിവയും ലക്ഷ്യമിട്ടിട്ടുണ്ട്.

കൂടാതെ സംസ്ഥാന ഹോർട്ടിക്കൾച്ചർ

മിഷന്റെ 2013-14 വാർഷിക കർമ്മ പദ്ധതി പ്രകാരം 1500 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപനവും സർട്ടിഫിക്കേഷനും പദ്ധതിയധിഷ്ഠിതമായി നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. ഇതോടൊപ്പം 200 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകുവാനും ലക്ഷ്യമുണ്ട്.

സി) ഈ പദ്ധതി ഏതെല്ലാം മേഖലകളിൽ പ്രവർത്തിച്ച് വരുന്നുണ്ട്; വിശദമാക്കുമോ;

സി) ഈ പദ്ധതി കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിൽ നടത്തിവരുന്നു. നെൽകൃഷി, പച്ചക്കറി ഫലവർഗ്ഗകൃഷി, സുഗന്ധവിളകൾ എന്നീ വിളകളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നു. ജൈവവളങ്ങളുടെ ഉപയോഗം കൂട്ടുക, ജീവാണുവളങ്ങളുടെ ഉപയോഗം കൂട്ടുക, കീടരോഗ നിയന്ത്രണത്തിന് ജൈവീക മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തുക, ജൈവ ഉൽപ്പന്നങ്ങൾക്ക് നല്ല വിലയും വിപണിയും ഉറപ്പുവരുത്തുക എന്നീ മേഖലകളിൽ പ്രവർത്തിച്ചു വരുന്നു.

പൈനാപ്പിൾ, ഇഞ്ചി, വാഴ, പച്ചക്കറി, കശുമാവ്, കുരുമുളക് തുടങ്ങിയ ഹോർട്ടിക്കൾച്ചർ വിളകളെയാണ് ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ ജൈവകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജൈവകൃഷി സംവിധാനം നടപ്പിലാക്കുന്നതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ അംഗീകൃത ഏജൻസികളെ വിവിധ ജില്ലകളിലായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ ഹൈറേഞ്ച് ഓർഗ്ഗാനിക് പ്രൊഡ്യൂസേഴ്സ് സൊസൈറ്റിയും കേരള അഗ്രിക്കൾച്ചറൽ ഡെവലപ്മെന്റ് സൊസൈറ്റിയും മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഇന്റർനാഷണൽ കോമ്പിറ്റൻസ് സെന്റർ ഫോർ ഓർഗാനിക് അഗ്രിക്കൾച്ചറും വയനാടിൽ വയനാട് ഓർഗാനിക് അഗ്രിക്കൾച്ചറൽ കൺസോർഷ്യം സൊസൈറ്റിയുമാണ് ജൈവകൃഷി നടപ്പിലാക്കി വരുന്നത്.

ഡി) പദ്ധതിയുടെ നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

ഡി) കൃഷി ഡയറക്ടർ തലത്തിൽ തയ്യാറാക്കുന്ന പദ്ധതികൾ അംഗീകാരത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നു. സർക്കാർ ഉത്തരവുകൾ

പ്രകാരം അംഗീകരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നത് കൃഷി വകുപ്പ് ഡയറക്ടറാണ്. കൃഷി ഡയറക്ടറേറ്റിൽ പദ്ധതി നടത്തിപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങളും ഫണ്ടും അതതു ജില്ലാ പ്രിൻസിപ്പൽ കൃഷി ആഫീസർമാർക്കു ലഭ്യമാക്കുന്നു. ജില്ലാ പ്രിൻസിപ്പൽ കൃഷി ആഫീസർമാർ ബ്ലോക്കുതലത്തിൽ പ്രവർത്തിയ്ക്കുന്ന കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്ക് പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ട ലക്ഷ്യങ്ങൾ നൽകുന്നു. കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ പഞ്ചായത്തു തലത്തിലുള്ള കൃഷി ഭവനുകളിലൂടെ പദ്ധതി നടപ്പിലാക്കുന്നു.

കാസർഗോഡ് ജില്ലയിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് 41 പഞ്ചായത്തുകളിലായി 14 ഫീൽഡ് മാനേജർമാരും 41 ഫീൽഡ് അസിസ്റ്റന്റുമാരും കരാർ അടിസ്ഥാനത്തിൽ കൃഷി ഭവൻ ഓഫീസർമാരുടെ സഹായത്തിനായി പ്രവർത്തിക്കുന്നുണ്ട്. പദ്ധതികൾ സംസ്ഥാന തലത്തിൽ കൃഷി അഡീഷണൽ ഡയറക്ടർ (സി.പി) മൊണിറ്റർ ചെയ്തുവരുന്നു.

സെക്ഷൻ ഓഫീസർ